**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2939** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനമേഖലയോട് ചേർന്ന് ജീവിക്കുന്ന കർഷകരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് ജീവിക്കുന്ന കർഷകരെ സംരക്ഷിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വർദ്ധിച്ച് വരുന്ന വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു വിശദപദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത പദ്ധതിയെകുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ 25 ടെറിട്ടോറിയൽ ഡിവിഷനുകളിലെയും 10 വൈൽഡ് ലൈഫ് ഡിവിഷനുകളിലെയും പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളതും സോളാർ പവർ ഹാങ്ങിംഗ് ഫെൻസ് (685 കി.മീ), സോളാർ പവർ ഫെൻസ് (680 കി.മീ), ആന കിടങ്ങ് (132 കി.മീ) മുതലായവ പുതിയതായി നിർമ്മിക്കുവാനും നിലവിലുള്ളവയുടെ പരിചരണവും ഇതര പരിഹാര മാർഗ്ഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 1. വന്യജീവികൾ മനുഷ്യരുടെ വാസ സ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക. 2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക. 3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക. 4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, എക്സ്ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക. 5. ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക. 6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക. 7. പുൽമേട്ടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക. 8. സംഘർഷം കുറയ്ക്കുന്നതിന് ഉതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും ആയതിനായി രൂപീകൃതമായ എക്സ്പേർട്ട് സബ് ഗ്രൂപ്പ് തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കണസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ചെയ്ത പ്രവർത്തികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വന്യ മൃഗങ്ങൾക്ക് ഉൾവനങ്ങളിൽ തന്നെ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതിയിൽ വന്യജീവികൾക്ക് വനത്തിനുള്ളിൽ തന്നെ ജല ലഭ്യത ഉറപ്പുവരുത്തുന്ന നടപടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തേയ്ക്ക് സംസ്ഥാനത്ത് വന്യജീവികളുടെ സ്വാഭാവിക ആവാസ മേഖലകളിൽ ജലവും തീറ്റയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതിയതായി 197 കുളങ്ങളുടെ നിർമ്മാണം, 723 കുളങ്ങളുടെ വൃത്തിയാക്കൽ, 1288 ഹെക്ടർ വയലുകളുടെ പരിപാലനം, 2284 ഹെക്ടർ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 27 കുളങ്ങളുടെ നിർമ്മാണവും 140 കുളങ്ങളുടെ പരിചരണവും 10 ചെക്ക്ഡാമുകളുടെ മണ്ണ് നീക്കലും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പ്രവർത്തി | പുതിയ പ്രവർത്തികൾ | | അറ്റകുറ്റപ്പണികൾ | |
|---|---|---|---|---|---|
| | | എണ്ണം | ദൈർഘ്യം | എണ്ണം | ദൈർഘ്യം |
| 1. | സൗരോർജ്ജ വേലി | 72 | 212.278 km | 87 | 352.2 km |
| 2. | സൗരോർജ്ജ തൂക്കു വേലി | 10 | 45.7 km | 3 | 5 km |
| 3. | ആന കിടങ്ങ് | 6 | 3.78 km | 6 | 100.063 km |
| 4. | ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് | 2 | 11.93 km | | |
| 5. | ബൗണ്ടറി വാൾ | | 265 Metre | | |
| 6. | ആന പ്രതിരോധ മതിൽ | | 195.5 m | | |
| 7. | ജൈവ വേലി | 1 | 5.5 km | 1 | 0.5 km |
| 8. | വിസ്താ ക്ളിയറൻസ് | 72 | 243.585 Ha<br>334.5 km | 2 | 396.52 Ha |